(ബി) ഉണ്ടെങ്കിൽ വിട്ടുപോയതും, ആവശ്യമുള്ളതുമായ പദ്ധതികളും നമ്മുടെ സംസ്ഥാനത്തേക്ക് അനുവദിപ്പിക്കുന്നതിലേക്ക് നാഷണൽ പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവില്ല.

(ബി) 'എ' യുടെ ഉത്തരത്തിൽനിന്നും ഇതു് ഉദിക്കുന്നില്ല.

താലൂക്കുകളും പുനഃസംഘടനാകമ്മിറ്റിയും.

* 214. [10] ശ്രീ. കെ. കുഞ്ഞപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കുകളും പുനഃസംഘടിപ്പിക്കുവാൻ നിയുക്തമായിട്ടുള്ള കമ്മിറ്റി ഇതിനകം അവരുടെ റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞോ ;

(ബി) കഴിഞ്ഞെങ്കിൽ അതിന്റെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും ഉത്തരവുകളും പുറപ്പെടുവിക്കുകയോ നടപടികളും കൈക്കൊള്ളുകയോ ചെയ്യുന്നതിനു മുമ്പു പ്രസ്തുത റിപ്പോർട്ടു ഈ സഭയുടെ ചർച്ചയ്ക്കു വിഷയമാക്കുവാൻ ഗവണ്മെന്റ് തയ്യാറാവുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സമർപ്പിച്ചുകഴിഞ്ഞു.

(ബി) റിപ്പോർട്ടു ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ അതിലെ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(സി) ഇല്ല.

തിരുവനന്തപുരം സ്റ്റാമ്പ് മാനുഫാക്ചറി.

* 215. [11] ശ്രീ. പി. വിശ്വംഭരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സ്റ്റാമ്പ് മാനുഫാക്ചറി ഏതു് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണു് ?

(ബി) അവിടത്തെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാർക്ക് അവരെപ്പോലുള്ള മറ്റുദ്യോഗസ്ഥന്മാർക്ക് അനുവദിച്ച നിരക്കിൽ ശമ്പളപരിഷ്കരം അനുവദിക്കാത്തതിന്റെ കാരണമെന്തു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫിനാൻസ് ഡിപ്പാർട്ടുമെന്റ്.

(ബി) അവിടത്തെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാർക്കു് ന്യായമായ ശമ്പളം നൽകുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly